# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.224** | **01/04/2013-ൽ മറുപടിയ്ക്ക്**

## ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. ഇ.ചന്ദ്രശേഖരൻ
ശ്രീ. പി.തിലോത്തമൻ
ശ്രീമതി. ഗീതാ ഗോപി.
ശ്രീമതി. ഇ.എസ്. ബിജിമോൾ

**മറുപടി**
ശ്രീ.പി .ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ ജല സ്രോതസ്സുകളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിച്ച് നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്തെ പ്രധാന ജലസ്രോതസ്സുകളായ നദികൾ, കായലുകൾ, കുളങ്ങൾ എന്നിവയുടെ പ്രകൃതിദത്തമായ സ്വാഭാവികത നിലനിർത്തി ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. ജല സ്രോതസ്സുകളുടെ തീരസ്വാഭാവികതയും നീരൊഴുക്കും സംരക്ഷിക്കുന്ന തരത്തിൽ കല്ലുകൾ അടുക്കിയും ബണ്ടുകൾ നിർമ്മിച്ച് പുല്ലുവച്ചു പിടിപ്പിച്ചുമാണ് പ്രധാനമായും തീരങ്ങൾ സംരക്ഷിക്കുന്നത്. കൂടാതെ നദികളുടെ പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്തുന്നതിനും ഉപ്പുവെള്ളം കയറുന്നത് തടയാനുമായി തടയണകളും, റെഗുലേറ്ററുകളും നിർമ്മിച്ചുവരുന്നു.<br><br>ജലസ്രോതസ്സുകളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിച്ച് നിലനിർത്തുന്നതിന് വിവരവിജ്ഞാന ഇൻഫർമേഷൻ തയ്യാറാക്കി പഞ്ചായത്ത് തലത്തിലും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് വിതരണം ചെയ്ത് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. കൂടാതെ പരിശീലന ശാക്തീകരണ ശില്പശാലകൾ, ജലവും, ജലസംരക്ഷണവുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കുന്നു. ഒരു പരിധിവരെ ഇത്രയും പ്രശ്നങ്ങൾക്ക് പരിഹാരമായി കമ്മ്യൂണിക്കേഷൻ & |

കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റിന്റെ ഭാഗത്ത് നിന്നും സംഭാവന ചെയ്യാൻ സാധിക്കുന്നു.

| | | | |
|---|---|---|---|
| ബി) | നദികളും മറ്റു ജലസ്രോതസ്സുകളും വറ്റിവരണ്ടതു മൂലം അവയുടെ തീരങ്ങൾ കയ്യേറി നശിപ്പിക്കുന്നത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | നദികളിലേയും മറ്റ് ജലസ്രോതസ്സുകളുടെയും ജലനിരപ്പ് വരൾച്ച കാരണം ശോഷിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തീരങ്ങൾ കൈയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ബന്ധപ്പെട്ട റവന്യൂ, പോലീസ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. |
| സി) | നദികളിലേയും നദീതീരങ്ങളിലേയും മലിനീകരണം തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ? | സി) | നദികളിലേയും, നദീതീരങ്ങളിലേയും മലിനീകരണം ഒഴിവാക്കുന്നതിന് സംരക്ഷണഭിത്തി നിർമ്മാണം, ഓടകളുടെ നിർമ്മാണം, നദിയുടെ ആഴം നിലനിർത്തി നീരൊഴുക്ക് സുഗമമാക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ എന്നിവയാണ് ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നത്. എന്നാൽ നദീമലിനീകരണവുമായി ബന്ധപ്പെട്ട് കൂടുതൽ നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ്.<br><br>കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തലങ്ങളായ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഡിസ്ട്രിക്ട് പഞ്ചായത്ത് സംസ്ഥാനതലത്തിൽ വിവിധങ്ങളായ കർമ്മ പരിപാടികൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടത്തി വരുന്നു. പ്രസ്തുത കർമ്മ പരിപാടികൾ ജനങ്ങളിൽ ഈ മേഖലയെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് സാധ്യമാക്കുന്നു. |

**സെക്ഷൻ ഓഫീസർ**